പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2733 **28-10-2026-ൽ മറുപടിയ്ക്ക്**

നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമവും ജലവിതരണ ശൃംഖലയുടെ വികസനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നേമം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ക്രമരഹിതവും രൂക്ഷവുമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിലേക്ക് വേണ്ടിയിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

മറുപടി: അരുവിക്കര, പി.ടി.പി. നഗർ, പാറമല എന്നിവിടങ്ങളിലെ ജലശുദ്ധീകരണശാലകളിൽ നിന്നാണ് നേമം നിയോജകമണ്ഡലത്തിലെയും തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിലെയും ജലവിതരണം നടത്തുന്നത്. നിലവിലെ ജല ഉൽപ്പാദനം അപര്യാപ്തമായതിനാലുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കരയിലെ 72 MLD ജലശുദ്ധീകരണശാലയുടെ ശേഷി 10 MLD വർധിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(സി) മണ്ഡലത്തിലെ ജനസംഖ്യാവർധനവിന് അനുസൃതമായി കുടിവെള്ളം എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാലപ്പഴക്കം ചെന്നതും വ്യാപ്തി കുറഞ്ഞതുമായ പൈപ്പ് ലൈനുകൾ, ചോർച്ചകൾ, വിതരണശൃംഖലയിലെ മറ്റു പോരായ്മകൾ എന്നിവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: നേമം നിയോജകമണ്ഡലത്തിലെ വിവിധ വാർഡുകളിൽ അമൃത്, സ്റ്റേറ്റ് പ്ലാൻ, കോർപ്പറേഷൻ ഡിപ്പോസിറ്റ് വർക്ക് തുടങ്ങിയ ഹെഡുകളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്നതും വ്യാപ്തി കുറഞ്ഞതുമായ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനും വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ഡി) മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം തടസ്സമില്ലാതെ എത്തിക്കുന്നതിന് ആവശ്യമായ സ്റ്റോറേജ് ടാങ്കുകൾ, പമ്പിങ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ നിലവിൽ ഏതെങ്കിലും പുതിയ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> തിരുവനന്തപുരം നഗരത്തിലും വിശിഷ്യാ നേമം മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലുമുള്ള ജലക്ഷാമം പരിഹരിക്കുന്നതിനായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കരയിലെ 72 MLD ജലശുദ്ധീകരണശാലയുടെ ശേഷി 10 MLD വർധിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ